**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2565** **23-02-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ബോർഡിലെ കരാർ ജോലിയിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബിനാമി കരാറുകാരെവെച്ച് വിവിധ കരാർ ജോലികൾ ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | കരാർ ജോലികളുടെ ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി ജോലി വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചു നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | കരാറുകാരിൽ നിന്നും കമ്മീഷൻ ഇനത്തിൽ കൈക്കൂലി വാങ്ങുന്നതുൾപ്പെടെ നടക്കുന്ന അഴിമതികൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി ടെൻഡർ/ ക്വട്ടേഷൻ വ്യവസ്ഥയിൽ മാത്രമേ വർക്ക് നൽകാവൂ എന്നും 26/05/2022-ലെ ബോർഡ് ഓർഡർ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന ഡെലിഗേഷൻ ഓഫ് പവർ- ന് അനുസൃതമായി മാത്രമേ പ്രവൃത്തികൾ നടത്താൻ പാടുള്ളൂ എന്ന് ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തികളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് വർക്ക് ബിൽ മെഷർ ചെയ്യുമ്പോഴും ചെക്ക് മെഷർ ചെയ്യുമ്പോഴും പരിശോധനയ്ക്കുള്ള അവസരം ഉണ്ട്. ഡിവിഷൻ തല മീറ്റിംഗിലും സബ്ഡിവിഷൻ തല മീറ്റിംഗിലും ജീവനക്കാരുടെ ഇടയിൽ ശക്തമായ ബോധവത്കരണം നടത്തുന്നുണ്ട്. അഴിമതിയോ ക്രമവിരുദ്ധ നടപടിയോ ശ്രദ്ധയിൽപ്പെട്ടാൽ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ കെ.എസ്.ഇ.ബി വിജിലൻസും സംസ്ഥാന സർക്കാരിന്റെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയും അവിടെ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ